REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-12-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പാർലമെന്റ് ശീതകാല സമ്മേളനത്തിന് ഇന്ന് തുടക്കം. 13 ബില്ലുകൾ സമ്മേളനകാലത്ത് അവതരിപ്പിക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്.**
- **ദിത്വ ചുഴലിക്കാറ്റിനെ തുടർന്ന് ശ്രീലങ്കയിൽ കുടുങ്ങിയ 335 ഇന്ത്യക്കാരെ വ്യോമസേന തിരുവനന്തപുരത്ത് എത്തിച്ചു. ചുഴലിക്കാറ്റ് തീവ്ര ന്യൂനമർദ്ദമായി ദുർബലപ്പെട്ടു.**
- **ഇന്ന് ലോക എയ്ഡ്സ് ദിനം.**
- **തദ്ദേശ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിന് സംസ്ഥാനത്ത്**
- **244 കേന്ദ്രങ്ങൾ സജ്ജമാക്കിയതായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ.**
- **ഗുരുവായൂർ ഏകാദശി ഇന്ന്.**
- **ഇന്ത്യ - ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യക്ക് വിജയം.**

## വാർത്തകൾ വിശദമായി

പാർലമെന്റ് ശീതകാല സമ്മേളനത്തിന് ഇന്ന് തുടക്കം. ഈ മാസം 19 വരെ നീളുന്ന സമ്മേളന കാലത്ത് 15 ദിവസം സഭകൾ ചേരും. 13 ബില്ലുകൾ സമ്മേളനകാലത്ത് അവതരിപ്പിക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ദേശീയപാത ഭേദഗതി ബിൽ, ആണവോർജ്ജ ബിൽ, കോർപ്പറേറ്റ് ഭേദഗതി ബിൽ, ഇൻഷുറൻസ് നിയമഭേദഗതി ബിൽ, ഉന്നത വിദ്യാഭ്യാസ കമ്മീഷൻ ബിൽ എന്നിവ ഇവയിൽ ഉൾപ്പെടുന്നു.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്.........

ലോക്സഭയിൽ ധനമന്ത്രി നിർമല സീതാരാമൻ സെൻട്രൽ എക്സൈസ് നിയമ ഭേദഗതി ബില്ലും, ദേശീയ  ആരോഗ്യ സുരക്ഷാ സെസ് ബില്ലും അവതരിപ്പിക്കും. 2025-26 വർഷത്തെ ഉപ ധനാഭ്യർത്ഥനകളുടെ ചർച്ചയും വോട്ടിംഗും സമ്മേളന കാലത്ത് നടത്തും.

ഇന്നലെ ഗവൺമെന്റ് വിളിച്ച സർവ കക്ഷി യോഗത്തിൽ പാർലമെന്റിന്റെ സുഗമമായ നടത്തിപ്പിന് പ്രതിപക്ഷ കക്ഷികളുടെ സഹകരണം തേടി. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ അധ്യക്ഷതയിൽ ചേർന്ന് യോഗത്തിൽ 36 രാഷ്ട്രീയ പാർട്ടികളിലെ 50 ഓളം നേതാക്കൾ പങ്കെടുത്തു. ശീതകാല സമ്മേളനം വിജയകരമാക്കാൻ  സഭാ നേതാക്കളോട് ഗവൺമെന്റ് അഭ്യർത്ഥിച്ചതായി പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു മാധ്യമങ്ങളെ അറിയിച്ചു. പ്രധാനപ്പെട്ട ഏത് വിഷയവും ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണെന്നും റിജിജു വ്യക്തമാക്കി.

പ്രതിപക്ഷ- INDI സഖ്യം രാവിലെ യോഗം ചേർന്ന് ശീതകാല സമ്മേളനത്തിൽ ഉന്നയിക്കേണ്ട വിഷയങ്ങൾ ചർച്ച ചെയ്യും. രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജ്ജുൻ ഖാർഗെയുടെ ചേംബറിലാണ് യോഗം ചേരുന്നത്. പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ പത്തിന് അക്രെഡിറ്റഡ് മാധ്യമപ്രവർത്തകരെ പാർലമെന്റ് ഹൗസിൽ അഭിസംബോധന ചെയ്യും.

✪✪✪

നാവികസേനാദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നതിന് രാഷ്ട്രപതി ദ്രൗപദി മുർമു മറ്റന്നാൾ  കേരളത്തിൽ എത്തും.  തിരുവനന്തപുരം ശംഖുമുഖം ബീച്ചിലെ ആഘോഷങ്ങളിൽ നാവികസേനയുടെ അഭ്യാസ പ്രകടനങ്ങൾ അരങ്ങേറും. നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് K ത്രിപാഠി പരിപാടിയ്ക്ക് ആതിഥേയത്വം വഹിക്കും. അന്ന് ലോക് ഭവനിൽ തങ്ങുന്ന രാഷ്ട്രപതി പിറ്റേ ദിവസം ഡൽഹിക്ക് മടങ്ങും.

✪✪✪

ദിത്വ ചുഴലിക്കാറ്റിനെ തുടർന്ന് ശ്രീലങ്കയിൽ കുടുങ്ങിയ 335 ഇന്ത്യക്കാരെ വ്യോമസേന തിരുവനന്തപുരത്ത് എത്തിച്ചു.

ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി ...

.....വോയ്സ്........

ചുഴലിക്കാറ്റിനെ തുടർന്ന് ശ്രീലങ്കയിൽ കുടുങ്ങിപ്പോയ ഇന്ത്യക്കാരെയാണ് ഓപറേഷൻ സാഗർ ബന്ധുവിന്റെ ഭാഗമായി ഇന്നലെ രാത്രി വ്യോമസേനാ വിമാനത്തിൽ തിരുവനന്തപുരത്ത് എത്തിച്ചത്. ചുഴലിക്കാറ്റ് ദുരന്തത്തെ തുടർന്ന് ശ്രീലങ്കയിൽ രക്ഷാ സാമഗ്രികൾ എത്തിക്കാനായി പോയ വ്യോമസേനയുടെ ഐഎൽ 76, സി 130 ജെ വിമാനങ്ങളാണ് കൊളംബോയിൽ കുടുങ്ങിപ്പോയ ഇന്ത്യക്കാരെ അവിടെ നിന്ന് ഒഴിപ്പിച്ച് തിരുവനന്തപുരത്തേക്ക് എത്തിച്ചത്. തിരുവനന്തപുരത്ത് എത്തിയവർക്ക് വീടുകളിലേക്കു പോകാൻ നോർക്ക റൂട്ട്സ് എറണാകുളത്തേക്ക് പ്രത്യേക ബസ് സർവ്വീസും ഒരുക്കിയിരുന്നു. ശ്രീലങ്കയിലെ രക്ഷാ പ്രവർത്തനങ്ങൾക്കായി ദക്ഷിണ വ്യോമ കമാൻഡ് ആസ്ഥാനത്തു നിന്ന് എംഐ 17 വി മീഡിയം ലിഫ്റ്റ് ഹെലികോപ്ടറുകൾ എത്തിക്കുകയും ഗരുഡ് പ്രത്യേക സേനാംഗങ്ങളെ വിന്യസിക്കുകയും ചെയ്തിട്ടുണ്ടെന്നും പ്രതിരോധ മന്ത്രാലയ വൃത്തങ്ങൾ അറിയിച്ചു. ഇന്ത്യൻ വ്യോമസേനയുടെ ശ്രീലങ്കയിലെ രക്ഷാ പ്രവർത്തനങ്ങൾ ഇന്നും തുടരും.

✪✪✪

ദിത്വ ചുഴലിക്കാറ്റ് തീവ്ര ന്യൂനമർദ്ദമായി ദുർബലപ്പെട്ടു. കടലൂരിന് 90 കിലോമീറ്റർ കിഴക്കും, കാരയ്ക്കലിന് 130 കിലോമീറ്റർ വടക്ക്-കിഴക്കും, പുതുച്ചേരിക്ക് 90 കിലോമീറ്റർ കിഴക്കുമാണ് ന്യൂനമർദ്ദം കേന്ദ്രീകരിച്ചിരിക്കുന്നത്. ഇത് രാവിലെയോടെ കൂടുതൽ ദുർബലമാകാനാണ് സാധ്യത.

✪✪✪

സംസ്ഥാന ഗവർണർമാരുടെ ഔദ്യോഗിക വസതിയായ രാജ് ഭവന്റെ പേര് ഇന്ന് മുതൽ ലോക് ഭവൻ എന്നായി മാറും. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഉത്തരവിനെ തുടർന്നാണ് പേരുമാറ്റം.

കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കറാണ് രാജ് ഭവനുകളുടെ പേരുമാറ്റം നിർദേശിച്ചത്. ലെഫ്റ്റനന്റ് ഗവർണർമാരുടെ വസതി ഇനി മുതൽ ലോക് നിവാസ് എന്നും അറിയപ്പെടും.

✪✪✪

ഇന്ന് ലോക എയ്ഡ്സ് ദിനം. HIV/AIDS പകരുന്ന വഴികൾ, പ്രതിരോധ മാർഗങ്ങൾ, ചികിത്സ, എന്നിവയെക്കുറിച്ച് രാജ്യാന്തര തലത്തിൽ അവബോധമുണ്ടാക്കാനും, രോഗത്തെക്കുറിച്ച് തെറ്റിദ്ധാരണകൾ നീക്കാനും, എയിഡ്സ് പോരാട്ടത്തിൽ രാജ്യാന്തര സഹകരണം ഉറപ്പുവരുത്താനുമാണ് എല്ലാ വർഷവും ഡിസംബർ 1 ലോക എയ്ഡ്സ് ദിനമായി ആചരിക്കുന്നത്.

“തടസ്സങ്ങളെ മറികടക്കുക, എയ്ഡ്സ് പ്രതികരണത്തെ പരിവർത്തനം ചെയ്യുക” എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

ന്യൂഡൽഹിയിൽ കേന്ദ്രമന്ത്രി JP നദ്ദ ദേശീയ തല ദിനാചരണ പരിപാടികൾക്ക് നേതൃത്വം നൽകും. ചടങ്ങിൽ ദേശീയ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ വീഡിയോ പരമ്പര പ്രകാശനം ചെയ്യും.

✪✪✪

തമിഴ് നാട്ടിലെ ശിവഗംഗ ജില്ലയിൽ ബസ് അപകടത്തിൽ 11 പേർ മരിച്ച സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും അനുശോചിച്ചു.

ഇന്നലെ വൈകിട്ട് തിരുപ്പത്തൂരിനടുത്ത് ഗവൺമെന്റ് ബസ്സുകൾ കൂട്ടിയിടിച്ചാണ് അപകടം ഉണ്ടായത്. 54 പേർക്ക് പരിക്കേറ്റു. മേട്ടുപ്പാളയത്ത് നിന്നും വന്ന ബസിലെ ഡ്രൈവർ ഉറങ്ങിപ്പോയതായാണ് അപകടത്തിന് കാരണമെന്നാണ് പ്രാഥമിക വിവരം. മരിച്ചവരുടെ കുടുംബങ്ങൾക്ക് മൂന്ന് ലക്ഷം രൂപ വീതവും ഗുരുതരമായി പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപ വീതവും നിസ്സാര പരിക്കേറ്റവർക്ക് 50,000 രൂപ വീതവും തമിഴ്നാട് ഗവണ്മെന്റ് ധനസഹായം പ്രഖ്യാപിച്ചു.

✪✪✪

രണ്ട് ദിവസത്തെ സന്ദർശനത്തിന് UAE യിലെത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നലെ മുതിർന്ന എമിറേറ്റ്സ് മന്ത്രിമാരുമായി കൂടിക്കാഴ്ച നടത്തി. സാമ്പത്തിക പങ്കാളിത്തം ശക്തിപ്പെടുത്താനും സഹകരണം മെച്ചപ്പെടുത്താനും ലക്ഷ്യമിട്ടായിരുന്നു ചർച്ച. പ്രവാസി മലയാളികളുമായി ബന്ധപ്പെടാനും സംസ്ഥാനത്തേക്ക് നിക്ഷേപം കൊണ്ടുവരാനുമാണ് മുഖ്യമന്ത്രിയുടെ UAE സന്ദർശനം.

അടുത്ത ഫെബ്രുവരിയിൽ സംഘടിപ്പിക്കുന്ന കേരള ആഗോള ഉച്ചകോടി വിജയകരമാക്കാനും കൂടിയാണ് മുഖ്യമന്ത്രി UAE-യിലെത്തിയത്.

✪✪✪

ഇന്ന് ഗീതാ ജയന്തി ആഘോഷിക്കുന്നു. കാലാതിവർത്തിയായ ഭഗവത് ഗീത പ്രബോധനത്തിന്റെ പ്രാധാന്യം അനുസ്മരിക്കാനാണ് ജയന്തി ആഘോഷം. മത വിശ്വാസങ്ങൾക്ക് ഉപരിയായി മനുഷ്യൻ നേരിടുന്ന ആത്മീയവും ഭൗതികവുമായ പ്രശ്നങ്ങൾക്ക് പരിഹാരമാണ് ഭഗവത് ഗീത നിർദേശിക്കുന്നത്.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിന് സംസ്ഥാനത്ത് 244 കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ടെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ അറിയിച്ചു. ത്രിതല പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് തലത്തിലും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് അതാത് സ്ഥാപന തലത്തിലുമാണ് വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജമാക്കിയത്. വോട്ടെടുപ്പിന് തലേന്ന് പോളിംഗ് സാധനങ്ങൾ വിതരണം ചെയ്യുന്നതും വോട്ടെടുപ്പിന് ശേഷം യന്ത്രങ്ങളും അനുബന്ധ രേഖകളും തിരികെ വാങ്ങുന്നതും ഇതേ കേന്ദ്രങ്ങളിലായിരിക്കും.

✪✪✪

ഇന്നലെ വൈകിട്ട് ആറ് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട് കോടി 30 ലക്ഷത്തോളമായെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 82.52% ആണിത്.

വോട്ടർമാരെ കണ്ടെത്തൻ കഴിയാത്ത ഫോമുകളുടെ എണ്ണം 11 ലക്ഷത്തി 13,000ത്തോളമാണ്. ഫോമുകൾ സ്വീകരിക്കാനും അപ്ലോഡ് ചെയ്യാനും സജ്ജമാക്കിയ ക്യാമ്പുകൾ ഇന്നും തുടരുമെന്ന് ഡോ. കേൽക്കർ അറിയിച്ചു.

✪✪✪

ഗുരുവായൂർ ഏകാദശി ഇന്ന്. ദശമി ദിവസമായ ഇന്നലെ പുലർച്ചെ മൂന്നിന് തുറന്ന ക്ഷേത്രനട ദ്വാദശി ദിനമായ നാളെ രാവിലെ 8ന് മാത്രമേ അടയ്ക്കൂ. തുടർച്ചയായി 53 മണിക്കൂർ നട തുറന്നിരിക്കും.

തൃശൂരിൽ നിന്നും ഭരിതാ പ്രതാപ്...

.......വോയ്സ്........

ഏകാദശി ദർശനത്തിന് നിരവധി ഭക്തജനങ്ങളാണ് ഗുരുപവന പുരിയിലേക്ക് ഒഴുകിയെത്തുക. പുലർച്ചെ 5 മുതൽ വൈകിട്ട് 5 വരെ സ്പെഷൽ ദർശനം ഉണ്ടായിരിക്കില്ല പകരംവരി നിൽക്കുന്ന ഭക്തജനങ്ങൾക്കാണ് പരിഗണന നൽകുക .ഗോതമ്പു ചോറ്, രസകാളൻ, ഗോതമ്പു പായസം എന്നിവയടങ്ങിയ വ്രത വിഭവങ്ങളോടെ പ്രസാദ ഊട്ട് നാളെ രാവിലെ 9 മുതൽ അന്നലക്ഷ്മി ഹാൾ, തൊട്ടു ചേർന്നുള്ള പന്തൽ, ശ്രീഗുരുവായൂരപ്പൻ ഓഡിറ്റോറിയം എന്നിവിടങ്ങളിൽ നടക്കും. ഉച്ചയ്ക്ക് 2 വരെ വരി നിൽക്കുന്നവർക്ക് പ്രസാദ ഊട്ട് നൽകും

ഇന്ന് ക്ഷേത്രത്തിൽ അടി പ്രദക്ഷിണം, ശയന പ്രദക്ഷിണം എന്നിവ അനുവദിക്കില്ല. സുപ്രീംകോടതി വിധി പ്രകാരം ഉദയാസ്തമയ പൂജയോടെ ഏകാദശി ഇത്തവണ ആഘോഷിക്കും. ഓരോ 5 പൂജകൾ കഴിഞ്ഞാൽ ഒരു

മണിക്കൂർ തുടർച്ചയായി ദർശനം. കാലത്തെ ശീവേലിക്ക് ഒപ്പം പാർഥസാരഥി ക്ഷേത്രത്തിലേക്ക് എഴുന്നള്ളിപ്പ് ഉണ്ടാകും. രാത്രി എഴുന്നള്ളിപ്പിന് കൊമ്പൻ ഇന്ദ്രസെൻ സ്വർണക്കോലം വഹിക്കും. പഞ്ചവാദ്യം അകമ്പടിയാകും. ഏകാദശിയുടെ അനുബന്ധിച്ച്കു റൂരമ്മ ഹാളിൽ ഏകാദശി സുവർണ മുദ്ര അക്ഷരശ്ലോക മത്സരം ഉച്ചയ്ക്ക് 1ന് നടക്കും.

രാത്രി 8.30ന് സംഗീതോത്സവത്തിലെ അണിയറ പ്രവർത്തകരെ ആദരിക്കും. തുടർന്ന് ചെമ്പൈയുടെ ഇഷ്ട കീർത്തനങ്ങൾ പാടുന്നതോടെ. 15 ദിവസത്തെ ചെമ്പൈ സംഗീതോത്സവത്തിനു നാളെ സമാപനമാകും.

✪✪✪

രാഹുൽ മാങ്കൂട്ടത്തിലിനെതിരെ ലൈംഗിക പീഡന പരാതി നൽകിയ യുവതിയെ അപമാനിച്ചെന്ന കേസിൽ രാഹുൽ ഈശ്വറിനെ അറസ്റ്റു ചെയ്തു. കേസിൽ രാഹുൽ ഈശ്വർ അഞ്ചാം പ്രതിയാണ്. സാമൂഹ്യ മാധ്യമങ്ങളിലൂടെ പരാതിക്കാരിയുടെ വിവരങ്ങൾ വെളിപ്പെടുത്തുകയും അധിക്ഷേപിച്ചുവെന്നും ആരോപിച്ചാണ് അറസ്റ്റ്.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യക്ക് വിജയം. റാഞ്ചിയിൽ ദക്ഷിണാഫ്രിക്കയെ 17 റൺസിനാണ് ടീം ഇന്ത്യ തോൽപ്പിച്ചത്. എട്ട് വിക്കറ്റിന് 349 റൺസെടുത്ത ഇന്ത്യക്കെതിരെ നാല് പന്ത് ശേഷിക്ക 332 റൺസിന് ദക്ഷിണാഫ്രിക്ക പുറത്തായി.

ടോസ് നേടിയ ദക്ഷിണാഫ്രിക്ക ഇന്ത്യയെ ബാറ്റിംഗിന് അയക്കുകയായിരുന്നു. 120 പന്തിൽ നിന്ന് 135 റൺസെടുത്ത വിരാട് കോലിയുടെ ഉജ്ജ്വല ബാറ്റിംഗാണ് ഇന്ത്യൻ വിജയത്തിന്റെ അടിത്തറ. കോലിയുടെ 52-ാമത് ഏകദിന സെഞ്ച്വറിയാണിത്.

അന്താരാഷ്ട്ര ക്രിക്കറ്റിലെ ഏകദിനത്തിൽ ഏറ്റവും കൂടുതൽ സെഞ്ച്വറി നേടിയ കളിക്കാരൻ എന്ന പുതിയ റെക്കോർഡിനും കോലി അർഹനായി. കോലിയാണ് പ്ലെയർ ഓഫ് ദ മാച്ച്.

✪✪✪

സുൽത്താൻ അസ്ലൻ ഷാ കപ്പ് ഹോക്കിയിൽ ഇന്ത്യൻ പുരുഷ ടീം റണ്ണറപ്പായി. ബെൽജിയത്തോട് മറുപടിയില്ലാത്ത ഒരു ഗോളിനാണ് ഇന്ത്യ പരാജയപ്പെട്ടത്. ന്യൂസിലാന്റിനാണ് മൂന്നാം സ്ഥാനം.

✪✪✪

ശനിയാഴ്ച രാത്രി അന്തരിച്ച കാനത്തിൽ ജമീല MLA യുടെ ഭൗതിക ശരീരം നാളെ രാവിലെ കോഴിക്കോട് CPIM ജില്ലാ കമ്മിറ്റി ഓഫീസിലും തുടർന്ന് കൊയിലാണ്ടി ടൗൺഹാളിലും പൊതുദർശനത്തിന് വെക്കും. നാളെ വൈകിട്ട് അത്തോളി കുനിയിൽക്കടവ് ജുമഃ മസ്ജിദ് ഖബർസ്ഥാനിലാണ് കബറടക്കം.

✪✪✪

KT ജയകൃഷ്ണൻ മാസ്റ്റർ ബലിദാന ദിനത്തോടനുബന്ധിച്ച് കണ്ണൂരിൽ ഇന്ന് സ്മൃതി മണ്ഡപത്തിൽ അനുസ്മരണ പരിപാടിയും പുഷ്പാർച്ചനയും നടത്തും. മാരാർജി ഭവനിലെ അനുസ്മരണ പരിപാടിയിൽ BJP - യുവമോർച്ച ദേശീയ സംസ്ഥാന നേതാക്കൾ പങ്കെടുക്കും. വൈകിട്ട് പാനൂരിൽ പൊതുസമ്മേളനം BJP സംസ്ഥാന വൈസ് പ്രസിഡന്റ് B. ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

✪✪✪

ആലപ്പുഴ ഹരിപ്പാട് ഇന്നലെ രാത്രി KSRTC സൂപ്പർ ഫാസ്റ്റ് ബസ്സും ബൈക്കും കൂട്ടിയിടിച്ച് രണ്ട് ബൈക്ക് യാത്രികർ മരിച്ചു. കുമാരപുരം സ്വദേശികളായ ഗോകുൽ, ശ്രീനാഥ് എന്നിവരാണ് മരിച്ചത്.

✪✪✪

കേരളത്തിലെ കടുവ സെൻസസ് മുൻ നിശ്ചയപ്രകാരം ഇന്നുതന്നെ ആരംഭിക്കുമെന്ന് വനം വകുപ്പ് അറിയിച്ചു. എട്ടുവരെയാണ് കടുവാ കണക്കെടുപ്പ്.

✪✪✪

കണ്ണൂർ പറശ്ശിനിക്കടവ് മുത്തപ്പൻ ക്ഷേത്രത്തിലെ തിരുവപ്പന ഉത്സവത്തിന് നാളെ കൊടിയേറും. ഈ മാസം ആറു വരെയാണ് ഉത്സവം.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRT: അബ്ദുൾ കബീർ, നിമിഷ ജി*
*DEO: സി കെ സുബോധ്*